# ‘ഈണം 2011 ഓണം EWA യോടൊപ്പം’

എടതിരിഞ്ഞി വെൽഫെയർ അസ്സോസിയേഷൻ തുടക്കം കുറിക്കുകയാണ്, ചെറിയ ചെറിയ ശ്രമങ്ങളിലൂടെ, ആത്മസാക്ഷാത്കാരത്തിനായ്, ജീവകാരുണ്യത്തിന്റെ പരമോന്നതിയിൽ നിന്നുകൊണ്ട്, അവശരുടെ കണ്ണീരൊപ്പാനുള്ള ശ്രമം. ഒപ്പം പൊന്നോണത്തിന്റെ ആഹ്ലാദത്തിമിർപ്പിൽ എടതിരിഞ്ഞി വെൽഫെയർ അസ്സോസിയേഷൻ(EWA-UAE)യും, എടതിരിഞ്ഞി വെൽഫെയർ അസ്സോസിയേഷൻ (EWA-EDATHIRINJI) യും, ഒത്തുചേരുന്നു. ജോലി ഭാരങ്ങളാൽ വിയർപ്പൊഴുകുന്ന ദിനങ്ങളിൽ നിന്നും മിച്ചംവെക്കുന്ന കുറച്ച് സമയം പ്രവാസിയുടെ വേദനകളിലും രോദനങ്ങളിലും എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ള അന്വേഷണമാണ് എടതിരിഞ്ഞി വെൽഫെയർ അസ്സോസിയേഷന്റെ രൂപീകരണം. അതിർത്തികൾ തിരിച്ചുവെച്ചിരിക്കുന്ന രാഷ്ട്രീയ മത ബന്ധങ്ങൾക്കും അതീതമായി നമ്മെ വളർത്തിയെടുത്ത ഗ്രാമത്തിന്റെ പുരോഗതിക്ക് വേണ്ടി ഒത്തുചേരാനുള്ള ഈ യത്നം, ‘ഈണം 2011 ഓണം EWA യോടൊപ്പം’ സെപ്റ്റംബർ 10 ന് എടതിരിഞ്ഞി H.D.P സമാജം ശ്രീ നാരായണ ഹാളിൽ വെച്ച് നടക്കുന്നു. ഈ ചടങ്ങിൽ എടതിരിഞ്ഞി വെൽഫെയർ അസ്സോസിയേഷന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു. നമ്മുടെ നാട്ടിലെ ശ്രീ നാണുക്കുട്ടന്റെ അന്ധരായ മൂന്നു പെൺകുട്ടികളുള്ള കുടുംബത്തിന് EWA പ്രസിഡന്റ് ശ്രീ ജയരാജൻ നീലംകുറ്റി നൽകുന്ന 3 സെന്റ് ഭൂമിയും, EWAയുടെ സഹായനിധിയും, അന്തരിച്ച EWA എക്സിക്യൂട്ടിവ് അംഗമായിരുന്ന അൻവറിന്റെ കുടുംബസഹായനിധിയും കൈമാറുന്നു. ഇതോടനുബന്ധിച്ച് വിവിധ തലങ്ങളിൽ മികവ് പുലർത്തിയ പ്രതിഭകളെ അനുമോദിക്കുന്നു കുടാതെ താഴെ പറയുന്ന മത്സരങ്ങളും നടത്തപ്പെടുന്നു. ഈ മത്സരങ്ങളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ താഴെ കാണുന്ന അഡ്രസ്സിൽ ബന്ധപ്പെടണം

1, ജില്ലാതല പൂക്കളമത്സരം

2, ജില്ലാതല വടംവലി മത്സരം – രജിസ്ട്രേഷൻ ഫീസ് : അമ്പത് രൂപ

3, അൻവർ മെമ്മോറിയൽപെൻസിൽ ഡ്രോയിഗ് മത്സരം(ജൂനിയർ,സബ്-ജൂനിയർലെവൽ)

4, 8,9,10, പ്ലസ് ടു ക്ലാസ്സുകളിൽ ഉന്നത മാർക്ക് നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നു. : അപേക്ഷകർ അറ്റസ്റ്റഡ് മാർക്ക് ലിസ്റ്റോടുകൂടി അപേക്ഷിക്കേണ്ടതാണ്.

<u>പ്രോഗ്രാം കോ- ഓർഡിനേറ്റേഴ്സ്:</u>

1, ശശീന്ദ്രൻ ആറ്റുവെപ്പിൽ 00919995578949    2, വിനോദ് കീഴായിൽ 0091944652982

3, ദിലീപ് ചാണാശ്ശേരി 00919746795291    E-mail: ewa.uae@gmail.com

Phone: 0097156 7140939    Website: www.ewa.eadthirinji.com